പേരിലുള്ള ഡെപ്പോസിറ്റ് തുക മതിയാകാതെ വരുമ്പോൾ കുറവു വരുന്ന തുക അഡീഷണൽ സി.ഡി. യായി ഉപഭോക്താവിൽ നിന്നും ഈടക്കുന്നു. ഇങ്ങനെ ഈടാക്കാൻ കണ്ടിഷൻസ് ഓഫ് സപ്ലൈയുടെ 14 (ഡി) ക്ലോസനുസരിച്ച് വ്യവസ്ഥയുണ്ട്.

വൈദ്യുതി ചാർജ്ജിനെ സംബന്ധിച്ച് വ്യാപാരി വ്യവസായി സമിതിയുടെ നിവേദനം

65 (905) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കച്ചവട സ്ഥാപനങ്ങളിൽ കണക്ടഡ് ലോഡ് അനുസരിച്ച് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് വ്യാപാരികളുടെ സംഘടനകൾ ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) കേരള വ്യാപാരിവ്യവസായ സമിതിയുടെ നിവേദനം സംബന്ധിച്ച് ഗവൺമെന്റിന്റെ തീരുമാനം എന്താണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാണിജ്യ-വ്യവസായ ഉപഭോക്താക്കളെ കണക്ടഡ് ലോഡിന് ആനുപാതികമായി ഈടാക്കുന്ന ഫിക്സ്ഡ് ചാർജിൽ നിന്നും ഒഴിവാക്കാൻ നിർവ്വാഹമില്ല എന്നറിയിച്ചിട്ടുണ്ട്.

കൺസ്യൂമർ കാർഡ്

66 (906) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്രപേർക്ക് ഇതുവരെ കൺസ്യൂമർ കാർഡ് നൽകിയിട്ടുണ്ട് ;

(ബി) ഇനി എത്രപേർക്ക് കൺസ്യൂമർ കാർഡ് നൽകാനുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കൺസ്യൂമർ കാർഡ് കൊടുക്കുന്ന നടപടി ആരംഭിച്ചിട്ടേയുള്ളൂ.

കൺസ്യൂമർ കാർഡ് സംബന്ധിച്ച് ആശങ്കകൾ ഒഴിവാക്കുന്നതിന് നടപടി

67 (907) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്രീയവും ഉപകാരപ്രദവുമായ രീതിയിൽ വൈദ്യുത കൺസ്യൂമർ കാർഡ് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശാസ്ത്രീയവും ഉപകാരപ്രദവുമായ രീതിയിലാണ് വൈദ്യുത കൺസ്യൂമർ കാർഡ് നടപ്പാക്കിയിട്ടുള്ളത്.

കൺസ്യൂമർ കാർഡിന് വേണ്ടി ലഭിച്ച അപേക്ഷകൾ

68 (908) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര വൈദ്യുത ഗാർഹിക ഉപഭോക്താക്കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കൺസ്യൂമർ കാർഡിനുവേണ്ടി 2000 മെയ് 31 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(സി) അഡീഷണൽ കാഷ് ഡെപ്പോസിറ്റ് ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും എത്ര ലക്ഷം രൂപ പിരിഞ്ഞു കിട്ടുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 43,14,239.

(ബി) 33,29,702 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) കൺസ്യൂമർ കാർഡിനുള്ള അപേക്ഷകൾ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അഡീഷണൽ കാഷ് ഡെപ്പോസിറ്റ് ഈടാക്കേണ്ടതില്ലെന്ന് ബോർഡ് ഉത്തരവായിട്ടുണ്ട്.

കൺസ്യൂമർ കാർഡിനെ സംബന്ധിച്ച പരസ്യം

69 (909) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിയുടെ കൺസ്യൂമർ കാർഡിനെ സംബന്ധിച്ച് സംസ്ഥാന വൈദ്യുതി ബോർഡ് വാർത്താ മാദ്ധ്യമങ്ങൾക്കു പരസ്യം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മാദ്ധ്യമങ്ങൾക്ക് ;

(ബി) എത്ര പ്രാവശ്യം ഇതു സംബന്ധിച്ച് പരസ്യം പ്രസിദ്ധീകരിച്ചു ;

(സി) ഇതിനുവേണ്ടി ആകെ എന്തു തുക ചെലവായി ;

LIBRARY ARCHIVES Kerala Legislative Assembly